നടപടികൾ സ്വീകരിച്ചു വരുന്നു. പൊള്ളാച്ചി, നഞ്ചൻഗ്രഡ്, ചെങ്കോട്ട എന്നീ തടി ഡിപ്പോകളിൽ കയ്യേറ്റം ഉണ്ടാകാതിരിക്കാൻ ചുറ്റമതിൽ കെട്ടി സംരക്ഷിച്ചു വരുന്നു. കൂടാതെ സ്ഥലവും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും പൂർണ്ണമായും കേരള ഗവൺമെന്റിന്റെ അധീനതയിൽ ആയതിനാലും ഇവയിൽ കേരളത്തിന്റെ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നതിനാലും കയ്യേറ്റ സാധ്യതകൾ നിലവിലില്ല.

ചിന്നക്കനാൽ വില്ലേജിൽ കരം അടയ്ക്കാൻ അനുമതി

151(4782) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിന്നക്കനാൽ വില്ലേജിൽ 411 തണ്ടപ്പേരുകളിൽ 2006 മുതൽ കരം അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തണ്ടപ്പേരുകളുമായി ബന്ധപ്പെട്ട റിക്കാർഡുകൾ ഇപ്പോൾ വിജിലൻസിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടോ;

(സി) ഇവ തിരികെ താലൂക്ക് ഓഫീസിൽ ലഭിച്ച സാഹചര്യത്തിൽ ഒരു പ്രത്യേക റവന്യൂ സ്ക്വാഡിനെ നിയമിച്ചുകൊണ്ട് അർഹതയുള്ള തണ്ടപ്പേരുകളിൽ കരം അടയ്ക്കാനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരികെ ലഭിച്ചിട്ടില്ല.

(സി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

തിരുവനന്തപുരം-മണക്കാട് വില്ലേജിൽ കൈവശഭൂമിക്ക് പട്ടയം

152(4783) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം-മണക്കാട് വില്ലേജിൽ അമ്പലത്തറ വാർഡിലെ കല്ലടി മുഖം, ചൂരൽ തോപ്പ്, മുട്ടാറ്റുവരമ്പ് എന്നിവിടങ്ങളിൽ ബണ്ട് പുറമ്പോക്കിൽ 30 വർഷത്തിലേറെയായി താമസിക്കുന്ന നൂറിലധികം കുടുംബങ്ങൾക്ക് അവരുടെ കൈവശഭൂമിക്ക് എന്നത്തേക്ക് പട്ടയം കൊടുക്കുമെന്നും ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുവരെയെത്തി എന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly